**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **10-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് വകുപ്പിലെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന പോലീസ് വകുപ്പിലെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് ഗ്രേഡ് 2 (Category No.315/2019) തസ്തികയിലേക്കുള്ള നിയമനത്തിന് പിഎസ്‌സി റാങ്ക് ലിസ്റ്റ് 03.06.2023 തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി; | (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിൽ നാളിതുവരെ 19 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിലേക്ക് ആകെ സാംങ്ഷൻഡ് സ്ട്രെങ്ത്ത് എത്രയാണെന്നും; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര സ്ഥിര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ അനുവദിക്കപ്പെട്ട അംഗബലം 29 ആണ്. ഈ തസ്തികയിൽ നിലവിൽ 18 സ്ഥിരജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (ഡി) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ 11 ഒഴിവുകളുണ്ട്.<br><br>എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിൽ 12 ഒഴിവുകൾ നിലവിലുണ്ട്. എസ്.ബി.അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹതയുള്ള ജീവനക്കാരുടെ ലഭ്യതക്കുറവ് കാരണം എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 1-ലെ 12 ഒഴിവുകൾ എൻട്രി കേഡറായ എസ്.ബി അസിസ്റ്റന്റ് 2-ലേക്ക് താൽക്കാലികമായി തരം താഴ്ത്തി ആകെ 23 ഒഴിവുകൾ കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ഇ) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ 11 ഒഴിവുകളുണ്ട്.<br><br>എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിൽ 12 ഒഴിവുകൾ നിലവിലുണ്ട്. എസ്.ബി.അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | ഗ്രേഡ് 1 തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹതയുള്ള ജീവനക്കാരുടെ ലഭ്യതക്കുറവ് കാരണം എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 1-ലെ 12 ഒഴിവുകൾ എൻട്രി കേഡറായ എസ്.ബി അസിസ്റ്റന്റ് 2-ലേക്ക് താൽക്കാലികമായി തരം താഴ്ത്തി ആകെ 23 ഒഴിവുകൾ കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത തസ്തികയിൽ നിലവിൽ കരാർ/ താൽകാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എഫ്) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ കരാർ/താൽക്കാലിക ജീവനക്കാർ ആരും ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ